**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 900** **10-06-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബി ഫണ്ടുപയോഗിച്ചുള്ള നവീകരണ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ നവീകരണത്തിന്റെ ഭാഗമായി കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പെരുവ ഗവ. സ്കൂൾ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിച്ചുവെങ്കിലും ഇനിയും പൂർത്തിയാകാത്ത സാഹചര്യം വ്യക്തമാക്കാമോ; | (എ) | പെരുവ ഗവ. സ്കൂളിന് കിഫ്ബി ഫണ്ടിൽ അനുവദിച്ച 5 കോടി രൂപയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. സ്കൂളിന്റെ മാസ്റ്റർപ്ലാൻ അനുസരിച്ച് 7.75 കോടി രൂപയുടെ നിർമ്മാണങ്ങളാണ് തീരുമാനിച്ചിരുന്നത്. കിഫ്ബി ഫണ്ടായ 5 കോടി രൂപയ്ക്കുപുറമെ എം എൽ എ ആസ്തിവികസന ഫണ്ടിൽ നിന്നും 1.62 കോടി രൂപ അനുവദിച്ചുകൂടി വിനിയോഗിച്ച പ്രവർത്തി നടന്നുവരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 88 ലക്ഷം രൂപ അധികമായി ആവശ്യമാണ്. പുതുക്കിയ എസ്റ്റിമേറ്റ് അനുമതിക്കായി എസ് പി വി ആയ കൈറ്റ് നടപടി സ്വീകരിച്ചു വരുന്നു. പ്രസ്തുത 88 ലക്ഷം രൂപ ആസ്തിവികസന ഫണ്ടിൽ നിന്നും ലഭ്യമാക്കാനും എം.എൽ.എ കോട്ടയം ജില്ലാ കളക്ടറോട് നിർദേശിച്ചിട്ടുണ്ട്. ആവശ്യമായ അനുമതിയോടുകൂടി പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത ഫണ്ട് വിനിയോഗിക്കാനാവുന്നതാണ്. |
| (ബി) | പ്രസ്തുത സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ ആദ്യം എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്ന് ഒരു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ നൽകിയ ശേഷം രണ്ടാമത് എം.എൽ.എ. എ.ഡി.എഫ്. ൽ നിന്ന് ഒരു കോടി രൂപ കൂടി നൽകിയതിന്റെ ഭാഗമായുള്ള ഡീറ്റെയിൽഡ് പ്രൊപ്പോസൽ തയ്യാറാക്കി കിഫ്ബി അംഗീകാരം വാങ്ങിയിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | പെരുവ ഗവ. സ്കൂളിന് കിഫ്ബി ഫണ്ടിൽ അനുവദിച്ച 5 കോടി രൂപയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. സ്കൂളിന്റെ മാസ്റ്റർപ്ലാൻ അനുസരിച്ച് 7.75 കോടി രൂപയുടെ നിർമ്മാണങ്ങളാണ് തീരുമാനിച്ചിരുന്നത്. കിഫ്ബി ഫണ്ടായ 5 കോടി രൂപയ്ക്കുപുറമെ എം എൽ എ ആസ്തിവികസന ഫണ്ടിൽ നിന്നും 1.62 കോടി രൂപ അനുവദിച്ചുകൂടി വിനിയോഗിച്ച പ്രവർത്തി നടന്നുവരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 88 ലക്ഷം രൂപ അധികമായി ആവശ്യമാണ്. പുതുക്കിയ എസ്റ്റിമേറ്റ് അനുമതിക്കായി എസ് പി വി ആയ കൈറ്റ് നടപടി സ്വീകരിച്ചു വരുന്നു. പ്രസ്തുത 88 ലക്ഷം രൂപ ആസ്തിവികസന ഫണ്ടിൽ നിന്നും ലഭ്യമാക്കാനും എം.എൽ.എ കോട്ടയം ജില്ലാ കളക്ടറോട് നിർദേശിച്ചിട്ടുണ്ട്. ആവശ്യമായ അനുമതിയോടുകൂടി പുതുക്കിയ |

| | | | |
|---|---|---|---|
| | | | എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത ഫണ്ട് വിനിയോഗിക്കാനാവുന്നതാണ്. |
| (സി) | എം.എൽ.എ. എ.ഡി.എഫ്. വഴി നൽകിയ തുക വിനിയോഗിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; പദ്ധതി എത്രയും വേഗം പൂർണ തോതിൽ യാഥാർത്ഥ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണത്തിന്റെ ഭാഗമായി പ്രസ്തുത സ്കൂളിലെ ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി ബ്ലോക്കുകൾ പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ